പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 949

12.6.2013 ലെ മറുപടിയ്ക്ക്

## വിനോദസഞ്ചാര വികസനം

ചോദ്യം

ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം

ശ്രീ. എ.പി.അനിൽ കുമാർ

ബഹു.പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

എ) ടൂറിസം മേഖലയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഉണ്ടായ വരുമാനക്കുറവ് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

എ) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ടൂറിസം മേഖലയിൽ നിന്നും സംസ്ഥാനത്തിന് ലഭിച്ച വരുമാനത്തിന്റെ കണക്കുകളിൽ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 2011 ൽ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം 19037/- കോടിയും 2012 ൽ ഇത് 20430/- കോടിയുമാണ്. 2011 നെ അപേക്ഷിച്ച് 7.32 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ബി) തദ്ദേശ - ആഭ്യന്തര ടൂറിസം വരുമാനത്തിലുണ്ടായ കുറവ് / വർദ്ധന വ്യക്തമാക്കുമോ;

ബി) 2011, 2012 വർഷങ്ങളിലെ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ കണക്കുകളുടെ അടിസ്ഥാനത്തിൽ 2011 ൽ 4221.99 കോടി രൂപ വിദേശ നാണ്യവും 2012 ൽ 4571.69 കോടി രൂപ വിദേശ നാണ്യവും സംസ്ഥാനത്തിനു നേടാൻ സാധിച്ചു. തദ്ദേശ ടൂറിസം വരുമാനത്തിൽ നിന്നുള്ള കണക്ക് യഥാക്രമം 10131.97 കോടി രൂപയും 10883 കോടി രൂപയുമാണ്. 2011 ലേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

സി) ടൂറിസ്റ്റുകൾക്കായി നടത്തപ്പെടുന്ന പരിപാടികളിൽ എത്ര മാത്രം ടൂറിസ്റ്റ് പങ്കാളിത്തമുണ്ടായി എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

സി) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനങ്ങളിൽ നടത്തപ്പെടുന്ന വിവിധ കലാപരിപാടികൾ വിനോദസഞ്ചാരികളെ മാത്രം ഉദ്ദേശിച്ചല്ല ആസൂത്രണം ചെയ്തു നടത്താറുള്ളത്. തദ്ദേശീയരായ കലാസ്വാദകർക്കും കൂടി ആസ്വദിക്കുന്നതിനു വേണ്ടിയാണ് ഇവ നടത്തപ്പെടുന്നത്. എന്നാൽ ഇത്തരം പരിപാടികളിൽ സ്വദേശ, വിദേശ സഞ്ചാരികളുടെ മികച്ച പങ്കാളിത്തം ഉണ്ടാകാറുണ്ട്. പ്രസ്തുത പരിപാടികൾ കാണാനെത്തുന്ന സഞ്ചാരികളുടെ എണ്ണം തിട്ടപ്പെടുത്താറില്ല.

ഡി) പ്രസ്തുത മേഖലയുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ?

ഡി) വിവിധ ജില്ലാ ആസ്ഥാനങ്ങളിലും തിരുവനന്തപുരത്തും നടത്തപ്പെടുന്ന ഓണം വാരാഘോഷം, നിശാഗന്ധി നൃത്ത സംഗീതോത്സവം, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി കേരളത്തിലെ തനതു കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിലേക്കായി നടത്തപ്പെടുന്ന ' ഉത്സവം'

എന്ന പേരിലുള്ള പരിപാടി എന്നിവയാണ് പ്രധാനമായും ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെടുന്നത്. കൂടാതെ മറ്റ് കലാ സാംസ്കാരിക സംഘടനകൾ നടത്തുന്ന ടൂറിസ്റ്റുകൾക്കും കണ്ടാസ്വദിക്കാനുതകുന്ന വിവിധ പരിപാടികളിലും വകുപ്പ് പങ്കാളികളാകാറുണ്ട്. വിവിധ വള്ളം കളി മത്സരങ്ങൾ, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവങ്ങൾ ഉദാഹരണങ്ങളാണ്. കൂടാതെ, ടൂറിസം മേഖലയുടെ വികസനത്തിന് അടിസ്ഥാന സൗകര്യ വികസനത്തിലും വിപണനത്തിലും മാനവ ശേഷി വികസനത്തിനും സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ ധനസഹായത്തോടെ നൂതനങ്ങായ നിരവധി പദ്ധതികൾക്ക് അംഗീകാരം നൽകുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ